**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - 777**
**23.07.2012-ലെ മറുപടിക്ക്**

## പഴക്കമുള്ള ട്രഷറി ഓഫീസുകളുടെ നവീകരണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.പി.കെ.ബഷീർ | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| എ) | പഴക്കമുള്ള ട്രഷറി ഓഫീസുകൾ നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | ഉണ്ട്. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇടപാടുകാർക്ക് സൗകര്യക്കുറവുള്ള ട്രഷറികളുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 14.12.2009 തീയതിയിലെ സ.ഉ (എം.എസ്) നം:558/2009/ധന തീയതി ഉത്തരവ് പ്രകാരം 'ഇൻഫ്രാസ്ട്രക്ചർ കേരള ലിമിറ്റഡ്' (ഇൻകെൽ) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇതിന്റെ അടിസ്ഥാനത്തിൽ 50 ട്രഷറികളുടെ നവീകരണത്തിനും 31 പുതിയ ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണത്തിനും യഥാക്രമം 1198 ലക്ഷം രൂപയുടെയും 2378 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | എങ്കിൽ ഏറ്റവും പഴക്കമുള്ള ട്രഷറികൾ ഏതെല്ലാമെന്ന് ഐഡന്റിഫൈ ചെയ്തിട്ടുണ്ടോ; അവ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ? | സംസ്ഥാനത്തെ ഏറ്റവും പഴക്കമുള്ള ട്രഷറികൾ പ്രത്യേകമായി ഐഡന്റിഫൈ ചെയ്തിട്ടില്ല. കാലപ്പഴക്കം മാത്രമല്ല, ഇടപാടുകാർക്ക് സൗകര്യക്കുറവുള്ള എല്ലാ ട്രഷറികളിലും നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. |

Baijaran

സെക്ഷൻ ഓഫീസർ